# 2022-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) രണ്ടാം ഭേദഗതി ബിൽ

(നിയമസഭ പാസ്സാക്കിയ പ്രകാരമുള്ളത്)

2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്റ്റ് (2018-ലെ 2-ാം ആക്റ്റ്) ഇനിപ്പറയുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിമൂന്നാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2022-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2019 ജനുവരി 1-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 18-ാം വകുപ്പിന്റെ ഭേദഗതി.—2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്റ്റിലെ (2018-ലെ 2-ാം ആക്റ്റ്) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 18-ാം വകുപ്പിൽ "നാല് വർഷക്കാലംവരെ" എന്ന വാക്കുകൾക്കു പകരം "നാല് വർഷവും ആറ് മാസവും വരെ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

3. 51-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 51-ാം വകുപ്പിലെ (1)-ാം ഉപവകുപ്പിന്റെ ക്ലിപ്തനിബന്ധനയിൽ "രണ്ട്" എന്ന വാക്കിനു പകരം "നാല്" എന്ന വാക്ക് ചേർക്കേണ്ടതാണ്.

4. <u>സാധൂകരിക്കൽ.</u>—പ്രധാന ആക്ടിലെ 51-ാം വകുപ്പിലെ (1)-ാം ഉപവകുപ്പ് പ്രകാരം വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനായിട്ടുള്ള കാലാവധി ഈ ഭേദഗതി ആക്ട് പ്രകാരം ഭേദഗതി ചെയ്ത 51-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിന്റെ ക്ലിപ്തനിബന്ധന പ്രകാരം ദീർഘിപ്പിക്കപ്പെട്ടതായി കരുതപ്പെടേണ്ടതും, അതനുസരിച്ച് 51-ാം വകുപ്പ് പ്രകാരം ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള കാലാവധി അവസാനിച്ചു എന്ന കാരണത്താൽ മാത്രം അസാധുവായിത്തീരുന്നുവെന്നോ എപ്പോഴെങ്കിലും അസാധുവായിരുന്നുവെന്നോ കരുതപ്പെടാൻ പാടുള്ളതല്ല.